# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2750** **06/02/2018-ലെ മറുപടി**

## തീരദേശ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ദാസൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശ മേഖലയിൽ ഫലപ്രദമായി പ്രവർത്തിച്ചുവരുന്ന എത്ര കുടിവെള്ള പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (എ) കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശ മേഖലയിൽ ജല അതോറിറ്റി പരിപാലിക്കുന്ന പദ്ധതികൾ ഒന്നും തന്നെയില്ല. എന്നാൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി വാട്ടർ അതോറിറ്റി നിർമ്മാണം പൂർത്തീകരിച്ച് മുനിസിപ്പാലിറ്റി പരിപാലിക്കുന്ന കൊയിലാണ്ടി മത്സ്യഗ്രാമം തീരദേശ കുടിവെള്ളപദ്ധതി ഫലപ്രദമായി പ്രവർത്തിച്ച വരുന്നുണ്ട്. |
| (ബി) കൊയിലാണ്ടിയിലെ പയ്യോളി നഗരത്തിന്റെ തീരപ്രദേശത്ത് രൂക്ഷമായ കുടിവെള്ള പ്രശ്നമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇവിടങ്ങളിൽ ജനങ്ങൾക്കുപകാരപ്രദമാകുന്ന തീരദേശ കുടിവെള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) KIIFB സഹായത്തോടുകൂടിയുള്ള കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള പദ്ധതി അംഗീകാരം കിട്ടി നടപ്പിലാക്കി വരുന്നു. പയ്യോളി ഉൾപ്പെടെയുള്ള തീരപ്രദേശങ്ങളിലേക്ക് വേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. മേൽ പദ്ധതികളുടെ വിതരണശൃംഖലക്കുള്ള പ്രവൃത്തികൾ രണ്ടാം ഘട്ടമായി നടപ്പിലാക്കേണ്ടതുണ്ട് |

Renu Ka Sankar
സെക്ഷൻ ഓഫീസർ